## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2600 — 17.06.2019-ൽ മറുപടിയ്ക്ക്

### പട്ടികജാതി വിഭാഗങ്ങൾക്കായുള്ള സാക്ഷരത പദ്ധതി

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി വിഭാഗങ്ങളുടെ നിരക്ഷരത ഇല്ലാതാക്കുവാൻ ലക്ഷ്യമിട്ടുള്ള നവചേതന പദ്ധതി നിലവിലുണ്ടോ എന്നറിയിക്കാമോ ; | (എ) | നിലവിലുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കിയ ശേഷം പട്ടികജാതി വിഭാഗക്കാരുടെ നിലവിലെ സാക്ഷരതാനിരക്ക് വർദ്ധിപ്പിച്ച് സമ്പൂർണ്ണ സാക്ഷരത കൈവരിക്കുവാൻ സാധിച്ചിട്ടുണ്ടോ; | (ബി) | പ്രസ്തുത പദ്ധതി പൂർത്തിയായ ശേഷമേ സാക്ഷരതാനിരക്ക് തിട്ടപ്പെടുത്തുവാൻ കഴിയുകയുള്ളൂ. |
| (സി) | ഇതിനകം എത്ര സാക്ഷരതാകേന്ദ്രങ്ങൾ പട്ടികജാതി കോളനികളിൽ ആരംഭിച്ചിട്ടുണ്ടെന്നും ഇതിലെ അദ്ധ്യാപകരെ തെരഞ്ഞെടുക്കുന്നത് എപ്രകാരമാണെന്നും വ്യക്തമാക്കുമോ;; | (സി) | 200 പട്ടികജാതി കോളനികളിലാണ് ഈ പദ്ധതി ആരംഭിച്ചിട്ടുള്ളത്. കോളനികൾ സ്ഥിതി ചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, പട്ടികജാതി വിഭാഗത്തിൽനിന്നുള്ളവരെ സാക്ഷരതാ മിഷന്റെ നിർദ്ദേശാനുസരണം തെരഞ്ഞെടുത്ത് സാക്ഷരതാമിഷനെ അറിയിക്കുന്നു. |
| (ഡി) | പുതിയതായി കോളനികളെ തെരഞ്ഞെടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള നടപടിക്രമം എന്താണെന്ന് വിശദമാക്കാമോ? | (ഡി) | പുതുതായി 100 കോളനികളെക്കൂടി ഈ വർഷം പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു. വിദ്യാഭ്യാസപരമായി ഏറ്റവും പിന്നാക്കം നിൽക്കുന്ന പട്ടികജാതി കോളനികളെയാണ് പദ്ധതിയിലേക്ക് ഉൾപ്പെടുത്തുന്നത്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായുള്ള ജില്ലാ സാക്ഷരതാസമിതിയുടെ നേതൃത്വത്തിലാണ് കോളനികൾ തെരഞ്ഞെടുക്കുന്നത്. |

സെക്ഷൻ ഓഫീസർ